പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽ മുടക്കും പരിഷ്ക്കരിച്ച സാങ്കേതിക വിദ്യയും കൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതിനുള്ള നടപടി സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചടയ്ക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധനമാക്കി മാറ്റി പലിശ സാദ്ധ്യത കുറയ്ക്കുക, സമാന സ്വഭാവമുള്ളതോ എന്നാൽ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു കഴിഞ്ഞു. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഉത്പന്ന വൈവിദ്ധ്യവത്ക്കരണം, സാങ്കേതിക വിദ്യയുടെ നവീകരണം, വി.ആർ.എസ്. മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തിയും ഡയറക്ടർ ബോർഡിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നൽകിയും ബാങ്കു വായ്പകൾക്ക് ഗ്യാരന്റി നൽകിയും പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ ശ്രമിച്ചു വരികയാണ്.

(ബി) 240 കോടി രൂപ അടിസ്ഥാനമാക്കിയാണ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചത്. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമായും ബാക്കിയുള്ള 180 കോടി രൂപ ബോണ്ടുകളുടെ വില്പന വഴിയും സമാഹരിക്കുന്നതിനുമാണ് തീരുമാനിച്ചത്. കേരള സർക്കാരിന്റെ വിഹിതമായി 1998-99-ൽ 30 കോടി രൂപയും 1999-2000-ൽ 15 കോടി രൂപയും ചേർത്ത് ഇതുവരെ 45 കോടി രൂപ ലഭിച്ചു. 2000 ജനുവരിയിൽ ബോണ്ടുകളുടെ വില്പന വഴി 180 കോടി രൂപ സമാഹരിക്കുവാനും കഴിഞ്ഞു.

(സി) 'എ' പിരിവിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന നടപടികൾ കൂടാതെ സംസ്ഥാനത്തെ പൊതുമേഖലയിലേയും സഹകരണമേഖലയിലേയും തുണിമില്ലുകളെ നവീകരിക്കുവാൻ ഉദ്ദേശം 76 കോടിയോളം രൂപ വരുന്ന നവീകരണ പദ്ധതി ഉടനെ നടപ്പിലാക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ കൺസൾട്ടന്റുമാർ

11 (2008) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ കമ്പനിയും പ്രതിവർഷം എന്ത് തുക വീതം ഇവർക്കായി ചെലവാക്കുന്നുണ്ട്;

(ഡി) ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി ഓരോ കമ്പനിക്കും ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊല്ലം ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായശാലകൾ

12 (2009) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ ഏതൊക്കെയെന്നും ഇവ ഓരോന്നും എത്രകാലമായി പൂട്ടിക്കിടക്കുന്നു എന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ സ്വകാര്യ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ തരം തിരിച്ചു വെളിപ്പെടുത്തുമോ ;

(സി) കൊല്ലം ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി). അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മാരുതി ഓയിൽ മിൽസ് ലിമിറ്റഡ്, സൺറീഫൈനറീസ് പ്രൈ. ലിമിറ്റഡ്, എന്നീ കമ്പനികളുടെ സ്വത്തുവകകൾ കണ്ടുകെട്ടി വില്പന നടത്താൻ നടപടികളെടുത്ത് വരുന്നു. അലിന്റ് കുണ്ടറ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലാ പഞ്ചായത്ത് 25 ലക്ഷം രൂപ മെയിന്റനൻസിനായി നല്കി കഴിഞ്ഞു. പുനലൂർ പേപ്പർ മിൽ തുടങ്ങുന്നതിനുള്ള നടപടികൾ ഉടമ എടുത്തുവരുന്നു. മറ്റു മൂന്നു എണ്ണത്തിന്റെ നടപടികൾ ഒന്നും ആയിട്ടില്ല.

ടി.ടി.പി. യിൽ ആശ്രിത നിയമനം നടപ്പാക്കാൻ നടപടി

13 (2010) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.ടി.പി. യിൽ കഴിഞ്ഞ 25 വർഷങ്ങളായി ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തങ്ങളെ കമ്പനി തൊഴിലാളികളായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly